LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമവികസന വകുപ്പാണ് ഇതിന്റെ മാനദണ്ഡങ്ങൾ നിശ്ചയിച്ചിരിക്കുന്നത്. പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് കാര്യങ്ങൾ പോയി. അങ്ങനെ വന്നപ്പോൾ നമ്മുടെ സംസ്ഥാനത്ത് 4.19 ലക്ഷം കുടുംബങ്ങൾ മാത്രമേ ബി.പി.എൽ. ലിസ്റ്റിൽ ഇപ്പോൾ വന്നിട്ടുള്ളൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡൽഹിയിൽ പോയി തുടർച്ചയായി നിവേദനം നൽകിയതിന്റെ അടിസ്ഥാനത്തിൽ കുറെ മാറ്റങ്ങൾ അവർ വരുത്തി. എന്നിട്ടും ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് 10.25 ലക്ഷം കുടുംബങ്ങൾ മാത്രമേ ബി.പി.എൽ. ലിസ്റ്റിൽ ഉള്ളൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവിടെ പോയി നിവേദനം കൊടുത്തതുകൊണ്ടാണ്. ആകെയുള്ള കുടുംബങ്ങളുടെ എണ്ണം കേരളത്തിൽ 57.28 ലക്ഷമാണ്. പ്രാഥമിക റിപ്പോർട്ടനുസരിച്ചാണ്. നമ്മുടെ സംസ്ഥാനത്തിന്റെ താൽപ്പര്യത്തിന് വിരുദ്ധമായ നിർദ്ദേശങ്ങളാണ് കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റേയും കേന്ദ്ര ഗ്രാമവികസന വകുപ്പിന്റേയും ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. അതുകൊണ്ട് വീണ്ടും വീണ്ടും ഈ കാര്യം കേന്ദ്രവുമായി ടേക്ക് അപ് ചെയ്തുകൊണ്ടിരിക്കുകയാണ്. നമ്മളെല്ലാവരും ഒരുമിച്ചു നിൽക്കേണ്ട കാര്യമാണ്.

(6) കശുവണ്ടിത്തൊഴിലാളി പെൻഷൻ കുടിശ്ശിക

ശ്രീ. എഴുകോൺ നാരായണൻ: സർ, കശുവണ്ടിതൊഴിലാളി പെൻഷൻ കുടിശ്ശിക തീർത്തുനൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കശുവണ്ടിത്തൊഴിലാളി പെൻഷൻ കുടിശ്ശിക തീർക്കുന്നതിനുവേണ്ടി എട്ടു കോടിയോളം രൂപ ആവശ്യമുണ്ട്. കശുവണ്ടി ത്തൊഴിലാളി പെൻഷൻ കുടിശ്ശിക എത്രയും പെട്ടെന്ന് കൊടുത്തു തീർക്കുന്നതിനുവേണ്ടി അടിയന്തിര നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, കശുവണ്ടിതൊഴിലാളികളുടെ പെൻഷൻ കൊടുത്തുതീർക്കാൻ ഏകദേശം ആറു കോടി തൊണ്ണൂറ്റിയേഴു ലക്ഷം രൂപ ആവശ്യമായി വന്നിരിക്കുകയാണ്. ഈ വർഷത്തെ ബഡ്ജറ്റിൽ പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനായി പ്രത്യേകം തുക വക കൊള്ളിച്ചിട്ടുണ്ട്. ഈ വർഷത്തെ റിലീസും കൂടി നോക്കിയിട്ട് എത്രയും പെട്ടെന്ന് അത് കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

VI ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളായ സർവ്വ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഇ. ടി. മുഹമ്മദ് ബഷീർ, ഡോ. കെ. സി. ജോസഫ് എന്നിവരെ പതിനൊന്നാം കേരളനിയമസഭയുടെ ഏഴാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേക്ക് നാമനിർദ്ദേശം ചെയ്തിരിക്കുന്നു.